➪ *രാഷ്ട്രങ്ങൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ചും റിപ്പോർട്ട് വിശദീകരിക്കുന്നു* ➪

# ഡീമോണിറ്റൈസേഷൻ: കാണാൻ കൂട്ടാക്കാത്ത ഐ.എം.എഫ് ചരടുകൾ

തകർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത സാമ്പത്തികക്രമത്തെ സാദ്ധ്യമായത്രയും പിടിച്ചുനിർത്താൻ ആവശ്യമായ അടിയന്തിര നടപടികൾ എന്ന നിലയിൽ അന്താരാഷ്ട്ര നാണയനിധി മുന്നോട്ടുവച്ച നിർദ്ദേശങ്ങളും നരേന്ദ്രമോദിയുടെ നോട്ട് പിൻവലിക്കലും തമ്മിലെന്ത് എന്ന് അന്വേഷിക്കുന്നു

**കെ. സഹദേവൻ**

അന്താരാഷ്ട്ര നാണയനിധിയുടെ (ഐ.എം.എഫ്) ഒരു പ്രസ്താവനയായിരുന്നു 2016 ഫെബ്രുവരി 25-ാം തീയ്യതി പുറത്തിറങ്ങിയ വാൾസ്ട്രീറ്റ് അടക്കമുള്ള പത്രങ്ങളിലെ സുപ്രധാന വാർത്ത. 'ആഗോള സാമ്പത്തിക മേഖലയ്ക്ക് അടിപതറുന്നു' എന്നതായിരുന്നു ആ പ്രസ്താവന. സാമ്പത്തിക മേഖലയിൽ സവിശേഷ ശ്രദ്ധചെലുത്തിയിരുന്ന ആഗോളതലത്തിലുള്ള മിക്ക മാധ്യമങ്ങളും ഈ വാർത്ത പ്രാധാന്യത്തോടെത്തന്നെ പ്രസിദ്ധീകരിച്ചിരുന്നു. ഫെബ്രുവരി മൂന്നാം വാരത്തിൽ ഷാംങ്ഹായിൽ ചേർന്ന ജി-20 അംഗരാഷ്ട്രങ്ങളുടെ ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഉന്നതോദ്യോഗസ്ഥരുടെയും കൂടിച്ചേരലിന് മുന്നോടിയായി അന്താരാഷ്ട്ര നാണയനിധി തയ്യാറാക്കി വിതരണം ചെയ്ത റിപ്പോർട്ടിലാണ് ആഗോള സമ്പദ്വ്യവസ്ഥ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് അക്കമിട്ട് സൂചിപ്പിച്ചിരിക്കുന്നത്. അമേരിക്കൻ സാമ്പത്തിക പ്രതിസന്ധി ഉയർത്തിവിട്ട പ്രത്യാഘാതങ്ങൾ ആഗോള സമ്പദ്വ്യവസ്ഥയെ പിടിച്ചുകുലുക്കിക്കൊണ്ടിരുന്ന പശ്ചാത്തലത്തിൽ അവയെ മറികടക്കാനാവശ്യമായ കുറുക്കുവഴികൾ തേടിക്കൊണ്ടിരിക്കുകയാണ് സമ്പദ്ശാസ്ത്ര ഭിഷഗ്വരന്മാർ എന്ന് സ്പഷ്ടം. ചൈനയുടെ സാമ്പത്തിക വളർച്ചാ നിരക്ക് കുറയുന്നതിനെക്കുറിച്ചും ഇന്ത്യയുടെ പണപ്പെരുപ്പം വർദ്ധിക്കുവാനുള്ള സാധ്യതകളെ സംബന്ധിച്ചും ധനകമ്മി കൂടുന്നതിനെക്കുറിച്ചും ബ്രസീലും റഷ്യയും അടക്കമുള്ള രാഷ്ട്രങ്ങൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ചും റിപ്പോർട്ട് വിശദീകരിക്കുന്നു. സമ്പദ്വ്യവസ്ഥ നേരിടുന്ന വെല്ലുവിളികൾ മറികടക്കുന്നതിനാവശ്യമായ കുറിപ്പടികൾ, അന്താരാഷ്ട്ര നാണയനിധി പുറത്തിറക്കിയ റിപ്പോർട്ടിലും ഘടനാപരമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശ കുറിപ്പിലും നൽകിയിട്ടുണ്ട്. (Staff Note for the G-20: A Guiding Framework for Structural Reforms). വികസിതമായിക്കൊണ്ടിരിക്കുന്ന സമ്പദ്വ്യവസ്ഥകൾ (emerging economies) സ്വീകരിക്കേണ്ട ഘടനാപരമായ പരിഷ്കാര നടപടികൾ എന്തൊക്കെയായിരിക്കണമെന്ന് അതത് രാഷ്ട്രങ്ങളുടെ നയരൂപീകരണ വിദഗ്ദ്ധന്മാർക്കുള്ള നിർദ്ദേശങ്ങളുടെ രൂപത്തിൽ ഐ.എം.എഫ് മാർഗ്ഗനിർദ്ദേശ പത്രിക സൂചിപ്പിക്കുന്നുണ്ട്.

**സുപ്രധാന നിർദ്ദേശങ്ങൾ**

1. നികുതി ഏകീകരണം (Fiscal Consolidation)
2. അടിസ്ഥാന സൗകര്യങ്ങൾ/ബാങ്കിംഗ് മേഖല പരിഷ്കരണങ്ങൾ (Infrastructure/ Banking sector reforms)
3. നികുതി നിർവ്വഹണം ശക്തിപ്പെടുത്തൽ (Strengthening Tax Administration).
4. വിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കൽ (Improving Spending efficiency)
5. വിപണി നിയന്ത്രണങ്ങൾ (Product Market Regulations)
6. തൊഴിൽ വിപണി (Labour Market)
7. നിയമ സംവിധാനങ്ങൾ /സ്വത്തവകാശം (Legal system/Property rights)
8. മൂലധന വിപണി വികസനം (Capital Market Development)
9. സാങ്കേതിക മേഖലകളിലെ പുതുക്കലുകൾ (Technology Innovation).

തകർന്നുകൊണ്ടിരിക്കുന്ന മുതലാളിത്ത സാമ്പത്തിക ക്രമത്തെ സാദ്ധ്യമായത്രയും കൈപിടിച്ചുയർത്താൻ ആവശ്യമായ അടിയന്തിര നടപടികൾ എന്ന നിലയിലാണ് ഈ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കപ്പെടുന്നത്. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ വേണം മോദി സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്കരണങ്ങളെയും നോട്ടുനിരോധനത്തെയും (demonetisation) വിലയിരുത്താൻ.




ഐ.എം.എഫ് റിപ്പോർട്ടിന്റെ ആദ്യതാൾ

രാജ്യത്ത് വർദ്ധിച്ചുവരുന്ന കള്ളപ്പണത്തിന്റെ ഒഴുക്ക് തടയുന്നതിനും ഭീകരവാദം ചെറുക്കുന്നതിനും വേണ്ടി എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ നവംബർ എട്ടിന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി വളരെ നാടകീയമായി രാജ്യത്ത് വിനിയോഗത്തിലിരുന്ന കറൻസികളിൽ 84 ശതമാനവും പിൻവലിക്കുകയും ബാങ്കുകളിലെ നിക്ഷേപങ്ങളിലും പിൻവലിക്കലുകളിലും വൻതോതിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തപ്പോൾ അത് രാജ്യത്തിന്റെ ഏറ്റവും പിന്നോക്ക പ്രദേശങ്ങളെപ്പോലും വൻതോതിൽ സ്വാധീനിക്കുകയുണ്ടായി. ഗ്രാമീണ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കാനിരിക്കുന്ന ഈ പരിഷ്കരണങ്ങൾ വിലയിരുത്തപ്പെടുന്നത് അധികാരപ്രമത്തത മൂത്ത ഒരു ഭരണാധികാരിയുടെ അധികാരപ്രയോഗം എന്ന നിലയ്ക്ക് മാത്രമാണ്. അതേസമയം ഇന്ത്യയിൽ അടുത്ത കാലത്ത് പാസാക്കിയ നികുതി ഏകീകരണം (2015ൽ നടന്ന ജി-20 കൂടിയാലോചനകളുടെ തുടർച്ചയായാണ് ചരക്ക്-സേവന നികുതി ഏകീകരിച്ചുകൊണ്ടുള്ള ബില്ല് പാർലമെന്റ് പാസാക്കിയത് എന്നത് ഓർമ്മിക്കുക) തൊട്ട് ബാങ്കിംഗ് മേഖലയിൽ കാര്യമായ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുക എന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഐ.എം.എഫ് കുറിപ്പടികളിൽ പ്രധാനപ്പെട്ടവയായിരുന്നു. 'ഇന്ത്യയുടെ പ്രഖ്യാപിത വളർച്ചാ ലക്ഷ്യം കൈവരിക്കാനാവശ്യമായ ശേഷി ഇന്ത്യൻ ബാങ്കുകൾക്ക് ഇല്ല' എന്ന കാര്യത്തിൽ അന്താരാഷ്ട്ര നാണയനിധിക്ക് യാതൊരു സംശയവുമില്ലായിരുന്നു. ഈ മേഖലയിൽ കടുത്ത നിയന്ത്രണങ്ങളും പരിഷ്കരണങ്ങളും ഏർപ്പെടുത്തുക എന്നത് ഐ.എം.എഫ് കുറിപ്പടികളിൽ സ്പഷ്ടമായിത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അമേരിക്കൻ സമ്പദ്മേഖലയിൽ 2008 മുതൽ ആരംഭിച്ച ഗുരുതരമായ തകർച്ച ആ രാജ്യത്തിന്റെ മാത്രമല്ല, ആഗോള സാമ്പത്തിക മേഖലയിൽ തന്നെ വൻതോതിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകാൻ സാധ്യതയില്ല. യു.എസിന്റെ തൊഴിൽ-വേതന മേഖലകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കുത്തനെയുള്ള ഇറക്കം വികസിതമായിക്കഴിഞ്ഞിരിക്കുന്ന അവരുടെ സമ്പദ്വ്യവസ്ഥയെ അതേപടി നിലനിർത്തുന്നതിലും അവയുടെ മുന്നോട്ടുള്ള പോക്കിനും വിഘാതമായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ 'ചെലവാക്കൽശേഷി' വർദ്ധിപ്പിക്കുന്നതിനും സമ്പദ്വ്യവസ്ഥ ചലനാത്മകമായി നിലനിർത്തുന്നതിനും വേണ്ടി

ജനങ്ങളെ കടമെടുപ്പിന്റെ സാധ്യതകളിലേക്ക് തള്ളിവിടുകയായിരുന്നു. 1970 തൊട്ട് അമേരിക്കൻ തൊഴിൽ-വേതന മേഖലകളിലെ നിശ്ചലാവസ്ഥ ഈ രാജ്യത്തിന്റെ ദേശീയ കടത്തിന്റെ തോത് ഇന്ന് 20 ട്രില്ല്യൺ ഡോളർ എന്ന അപകടകരമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുന്നു. കടാധിപത്യത്തിന്റെ (debtocracy) പുതിയൊരു വഴി തുറന്നിട്ടുകൊണ്ട് പ്രതിസന്ധികളെ താൽക്കാലികമായി തടയിടാൻ അവർക്ക് കഴിഞ്ഞെങ്കിലും അത്തരം ഗിമ്മിക്കുകൾ ദീർഘകാല പരിഹാരങ്ങളാകില്ലെന്നും തങ്ങളുടെ സമ്പദ്വ്യവസ്ഥയുടെ വലിപ്പത്തിനനുസരിച്ചുള്ള വിപണിസാധ്യതകളും ചെലവാക്കൽ ശേഷിയുള്ള വിപണികളിലേക്കുള്ള കടന്നുകയറ്റം സാധ്യമാക്കേണ്ടതുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് മറ്റ് വിപണികളിലെ (ഇവിടെ വിപണി എന്നതിലൂടെ രാഷ്ട്രം എന്നാണ് അർത്ഥമാക്കുന്നത്. ദേശരാഷ്ട്രങ്ങളുടെ പരമാധികാരം എന്ന പരികല്പന തന്നെ പുതിയ സാമ്പത്തിക യുക്തികൾ എന്നേ മറികടന്നിരിക്കുന്നു.) സമ്പദ്മേഖലകളെ കാര്യമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നത്. വികസിത സമ്പദ്വ്യവസ്ഥയ്ക്കകത്ത് നിലനിലനിൽക്കുന്ന സമാന്തര സമ്പദ്വ്യവസ്ഥയെ കൈപ്പിടിയിലൊതുക്കുവാനും വൻതോതിലുള്ള മൂലധന സ്വരൂപണം സാധ്യമാക്കുവാനുള്ള തന്ത്രങ്ങളിലൊന്നായിട്ടാണ് പുതിയ പരിഷ്കരണങ്ങൾ മുന്നോട്ടുവെച്ചിരിക്കുന്നത്. നോട്ട് നിരോധനം ഇന്ത്യയിൽ നടപ്പിലാക്കിയതിന് ഒരു മാസം പിന്നിട്ടുകഴിയുമ്പോഴേക്കും വെനിസ്വേലയിലും പാകിസ്ഥാനിലും സമാനരീതിയിലുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നതും ആഗോളതലത്തിൽ സംഭവിക്കാനിരിക്കുന്ന സാമ്പത്തിക പരിഷ്കരണ പരിപാടികളുടെ ഭാഗമായിത്തന്നെയാണ് ഈയവസരത്തിൽ നാം മനസിലാക്കേണ്ടതുണ്ട്.

### നോട്ട് നിരോധനത്തിനെതിരായ വിമർശങ്ങൾ

നോട്ട് നിരോധനം സൃഷ്ടിച്ച കുഴമറിച്ചിലുകൾ ഒരുഭാഗത്ത് തുടരുമ്പോൾ ഗവൺമെന്റ് തീരുമാനത്തിനെതിരെ നോബൽ സമ്മാന ജേതാവ് പ്രൊഫ. അമർത്യാ സെൻ അടക്കമുള്ള സമുന്നതരായ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ അണിനിരക്കുകയുണ്ടായി. "സ്വേച്ഛാധിപത്യപരവും ജനങ്ങളെ കണക്കിലെടുത്താതുമായ നടപടി" എന്നാണ് പ്രൊഫ. അമർത്യാ സെൻ ഗവൺമെന്റ് തീരുമാനത്തെ വിശേഷിപ്പിച്ചത്. പ്രൊഫ. ജീൻ ഡ്രെസെ, പ്രൊഫ.അരുൺ കുമാർ, മീരാ സന്യാൽ തുടങ്ങി ഒട്ടനവധി സാമ്പത്തിക വിദഗ്ദ്ധന്മാർ ഈ നിരയിലുണ്ട്. "ഓടിക്കൊണ്ടിരിക്കുന്ന കാറിന്റെ ടയർ വെടിവെച്ച് വീഴ്ത്തിയ പോലെയാണ്" ഇതെന്നായിരുന്നു ജീൻ ഡ്രെസെ അഭിപ്രായപ്പെട്ടത്. രാജ്യത്തിന്റെ ജിഡിപി വളർച്ചയെ പിറകോട്ടടിപ്പിക്കുന്നതായിരിക്കും ഈ നടപടി എന്ന കാര്യത്തിൽ ഇവർക്കാർക്കും യാതൊരു അഭിപ്രായ ഭിന്നതയും ഉണ്ടായിരുന്നില്ല. മുൻ പ്രധാനമന്ത്രിയും സാമ്പത്തിക വിദഗ്ദ്ധനും ഐ.എം.എഫ് മുൻ ഉദ്യോഗസ്ഥനുമായ ഡോ.മൻമോഹൻ സിംഗും ഇന്ത്യയുടെ ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് കുറയാനുള്ള സാധ്യതയെക്കുറിച്ച് പ്രവചനം നടത്തുകയുണ്ടായി. നോട്ട് നിരോധന നടപടിയിലൂടെ "ഇന്ത്യയുടെ ആഭ്യന്തര മൊത്തോൽപ്പാദന വളർച്ചയിൽ രണ്ട് ശതമാനം കുറവ് സംഭവിക്കുമെന്നാ"യിരുന്നു ഡോ. മൻമോഹൻസിംഗിന്റെ വിമർശനം. നോട്ട് നിരോധനം ഏർപ്പെടുത്തിയ ഗവൺമെന്റ് തീരുമാനത്തിലെ അനവധാനതയെക്കുറിച്ചും നടപ്പിലാക്കിയ രീതിയെ സംബന്ധിച്ചുമായിരുന്നു മറ്റൊരുവിഭാഗം സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ എതിർപ്പ്. അനിവാര്യമായ ഈയൊരു തീരുമാനം കുറേക്കൂടി സാവകാശവും ആലോചനയോടും കൂടി നിർവ്വഹിക്കണമെന്നായിരുന്നു ഈ വിഭാഗത്തിന്റെ നിലപാട്. നോട്ട് നിരോധനവും സഹകരണ ബാങ്കുകൾക്ക് മേലുള്ള നിയന്ത്രണങ്ങളും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ തകർക്കുമെന്ന കാര്യം വിമർശകർ ഉന്നയിക്കുകയുണ്ടായി. അഗ്രികൾച്ചർ ക്രെഡിറ്റ് കോഓപ്പറേറ്റീവ്സ് പോലുള്ള ചെറു ധന ഇടപാടു സ്ഥാപനങ്ങളാണ് ഇന്ത്യയിലെ ഗ്രാമീണ കാർഷിക മേഖലയുടെ നട്ടെല്ലായി പ്രവർത്തിക്കുന്നത്. കാർഷിക വിളകൾ കൊയ്യാറായ അവസരത്തിൽ നടന്ന സാമ്പത്തിക പരിഷ്കരണങ്ങൾ കർഷകരുടെ എല്ലാ പദ്ധതികളും തകിടം മറിക്കുന്നതായിരിക്കും എന്ന കാര്യത്തിലും സംശയമൊന്നുമില്ല.

### പ്രതിസന്ധിയുടെ ആഴം

എന്നാൽ, 'ആഗോള സാമ്പത്തിക മേഖല തകർച്ചയെ നേരിടുകയാണ്' എന്ന ഐ.എം.എഫ് പ്രസ്താവന നിലവിലുള്ള മുതലാളിത്ത സാമ്പത്തിക ക്രമങ്ങൾ നേരിടുന്ന അനിവാര്യമായ പ്രതിസന്ധിയാണ് എന്ന് വിലയിരുത്തുന്നതിൽ മുഖ്യധാരാ സാമ്പത്തിക ശാസ്ത്രജ്ഞർ ഒരുപോലെ പരാജയപ്പെടുന്നു എന്നുള്ളതാണ് വാസ്തവം. ഇതിന്റെ ഏറ്റവും അടിസ്ഥാന കാരണം, നിരന്തര വളർച്ചയെയും സാമ്പത്തിക ക്രയവിക്രയത്തെയും അടിസ്ഥാനമാക്കിയുള്ള മുതലാളിത്ത ഉത്

പാദനവിതരണ ക്രമത്തെത്തന്നെയാണ് ഈ സാമ്പത്തിക വിദഗ്ദ്ധന്മാർ ആശ്രയിക്കുന്നത് എന്നതാണ്. ഉത്പാദന-വിതരണ ക്രമങ്ങളിൽ പൊതു-സ്വകാര്യ ഇടപെടലുകൾ സംബന്ധിച്ചും വിതരണത്തിലെ സാമൂഹ്യനീതിയെ സംബന്ധിച്ചും ഉള്ള തർക്കങ്ങൾ ഇരുകൂട്ടർക്കിടയിലും കാണാം എന്നതല്ലാതെ, ഉത്പാദനം, ഉപഭോഗം, സാമ്പത്തിക വളർച്ച എന്നിവയെ സംബന്ധിച്ച അടിസ്ഥാന കാഴ്ചപ്പാടുകളിൽ വൻതോതിലുള്ള വ്യത്യാസങ്ങൾ ഇവർക്കിടയിൽ കാണാൻ സാധിക്കില്ല. നിരന്തര സാമ്പത്തിക വളർച്ച, ഉത്പാദന സംവിധാനങ്ങളുടെ കാര്യക്ഷമമവും ക്രമാതീവുമായ പുരോഗതി, ഭൗതികാടിസ്ഥാന സൗകര്യങ്ങളുടെ വളർച്ചയെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗക്രമത്തിലെ വർദ്ധനവ് എന്നിവയൊക്കെ മേൽപ്പറഞ്ഞ സാമ്പത്തിക വിദ്ഗ്ദ്ധന്മാർ പ്രത്യയശാസ്ത്ര വ്യത്യാസമില്ലാതെ പൊതുവിൽ പങ്കുവെക്കുന്ന ആശയങ്ങൾതന്നെയാണ്. എന്നാൽ നിരന്തരവും ക്രമാതീതവുമായ സാമ്പത്തിക വളർച്ച എന്ന കാഴ്ചപ്പാടിന്റെ അടിത്തറയിൽ തന്നെയാണ് പ്രതിസന്ധിയുടെ വേരുകളും പിണഞ്ഞിരിക്കുന്നത് എന്ന യാഥാർത്ഥ്യമാണ് ഇരുവിഭാഗവും വിസ്മരിക്കുന്നത്.

നിരന്തരം വികസിച്ചുകൊണ്ടിരിക്കുവാൻ നിർബ്ബന്ധിതമായ ഒരു സമ്പദ്‌വ്യവസ്ഥ എന്നത് പരിമിതമായ പ്രകൃതി വിഭവങ്ങൾ മാത്രം ലഭ്യമായ ഒരു ഗ്രഹത്തിൽ അസാദ്ധ്യമാണ് എന്ന വസ്തുതയാണ് വളർച്ചാ സിദ്ധാന്തക്കാർക്ക് എക്കാലവും അന്യമായി നിൽക്കുന്നത്. സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമാക്കി നിർത്തുവാൻ മനുഷ്യരുടെ ഉപഭോഗരീതികളിൽ മാറ്റം വരുത്തുകയും വിപണികളിൽ കൃത്രിമമായ ആവശ്യങ്ങൾ സൃഷ്ടിക്കുകയും ഉത്പാദന സംവിധാനങ്ങൾ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വികസിപ്പിക്കുകയും ചെയ്യുമ്പോൾ ഈ ഉത്പാദന വ്യവസ്ഥ നിലനിർത്തുന്നതിനായി ജനങ്ങളുടെ വാങ്ങൽശേഷി എക്കാലവും അതേരീതിയിൽ നിലനിർത്തേണ്ടത് അനിവാര്യമായിവരുന്നു. എന്നാൽ ഉത്പാദനശേഷി കൈവരിക്കുന്ന അതേ വേഗതയിൽ ക്രയശേഷി വർദ്ധിക്കുകയില്ലെന്ന് മാത്രമല്ല, അത് കുത്തനെയുള്ള ഇറക്കത്തിലേക്ക് കുതിക്കുകയും ചെയ്യും. ഈയൊരു പ്രതിഭാസത്തിനുള്ള പ്രധാന കാരണമായിരിക്കുന്നത് സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കായി സാങ്കേതികവിദ്യകളെയും യന്ത്രവൽക്കരണത്തെയും അമിതമായി കൂട്ടുപിടിക്കുന്നതാണ്. അമേരിക്കൻ തൊഴിൽ വിപണിയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ലെന്ന വസ്തുതയും 1970 മുതൽ അവരുടെ വേതനത്തിൽ കാര്യമായ വർദ്ധവ് സംഭവിക്കുന്നില്ലെന്ന യാഥാർത്ഥ്യവും ഇതൊടൊപ്പം ചേർത്ത് മനസിലാക്കേണ്ടതുണ്ട്. സാങ്കേതികവിദ്യകളുടെ വികാസത്തിന്റെ ഫലമായി ഉത്പാദനം വർദ്ധിക്കുകയും തൊഴിൽമേഖലയിലും വേതനമേഖലയിലും കുത്തനെയുള്ള ഇറക്കം സംഭവിക്കുമ്പോഴും അതിന്റെ പരിണതിയെന്നത് വിപണിയിലേക്ക് നിരന്തരം തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന ഉത്പന്നങ്ങൾ വാങ്ങുവാനുള്ള ശേഷി ജനങ്ങൾക്ക് നഷ്ടപ്പെടുന്നുവെന്നതാണ്. അമിതോൽപ്പാദനം (over production) സൃഷ്ടിക്കുന്ന ഈയൊരു പ്രതിസന്ധി ഇത്തരമൊരു സാമ്പത്തികനയത്തിന്റെ ഭാഗമായി എപ്പോഴും നിലനിൽക്കും.

> എന്നാൽ, 'ആഗോള സാമ്പത്തിക മേഖല തകർച്ചയെ നേരിടുകയാണ്" എന്ന ഐ.എം.എഫ് പ്രസ്താവന നിലവിലുള്ള മുതലാളിത്ത സാമ്പത്തിക ക്രമങ്ങൾ നേരിടുന്ന അനിവാര്യമായ പ്രതിസന്ധിയാണ് എന്ന് വിലയിരുത്തുന്നതിൽ മുഖ്യധാരാ സാമ്പത്തിക ശാസ്ത്രജ്ഞർ ഒരുപോലെ പരാജയപ്പെടുന്നു എന്നുള്ളതാണ് വാസ്തവം. ഇതിന്റെ ഏറ്റവും അടിസ്ഥാന കാരണം, നിരന്തര വളർച്ചയെയും സാമ്പത്തിക ക്രയവിക്രയത്തെയും അടിസ്ഥാനമാക്കിയുള്ള മുതലാളിത്ത ഉത്പാദനവിതരണ ക്രമത്തെത്തന്നെയാണ് ഈ സാമ്പത്തിക വിദഗ്ദ്ധന്മാർ ആശ്രയിക്കുന്നത് എന്നതാണ്.

ഈയൊരവസ്ഥയെ കുറെക്കൂടി വ്യക്തമായി മനസിലാക്കുന്നതിനായി ഒരു ഇന്ത്യനവസ്ഥയെ ഉദാഹരിക്കാം. ഇന്ത്യയിലെ സ്റ്റീൽ ഉൽപാദനത്തിൽ മുൻനിരയിൽ നിൽക്കുന്ന ഭിലായ് സ്റ്റീൽ പ്ലാന്റിൽ 1984 കാലഘട്ടത്തിലെ തൊഴിലാളികളുടെ എണ്ണം 96,000 ആയിരുന്നു. 1992 ആയപ്പോഴേക്കും ഈ തൊഴിലാളികളുടെ എണ്ണം 55,000 ആയി കുറയുകയുണ്ടായി. നിലവിൽ ഏതാണ്ട് 38,000 തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്. അതേസമയം സ്റ്റീൽ ഉത്പാദനം കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനുള്ളിൽ ഇരട്ടിയായി വർദ്ധിക്കുകയാണുണ്ടായത്. ആധുനിക യന്ത്രവൽക്കരണം അതിന്റെ പാരമ്യതയിൽ എത്തു



മ്പോഴേക്കും 6000 തൊഴിലാളികളെ ഉപയോഗപ്പെടുത്തി പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് വിലയിരുത്തപ്പെടുന്നു. മേൽപ്പറഞ്ഞ പതിനായിരക്കണക്കിന് തൊഴിലാളികൾ എവിടെപ്പോയ്? തൊഴിൽ നഷ്ടമാകുന്ന ജനങ്ങളുടെ വാങ്ങൽശേഷി സ്വാഭാവികമായും കുറയുമെന്നത് തർക്കമറ്റ സംഗതിയാണ്. ഒരുഭാഗത്ത് ഉത്പാദന വ്യവസ്ഥ പൂർണ്ണശേഷി കൈവരിക്കുകയും മറുഭാഗത്ത് ഉപഭോക്താക്കളുടെ-അതായത് ജനങ്ങളുടെ-വാങ്ങൽശേഷി നഷ്ടമായിക്കൊണ്ടിരിക്കുകയും ചെയ്യുക എന്ന പ്രതിഭാസം ഈയൊരു ഉത്പാദന-വികസന ക്രമത്തിന്റെ ഭാഗം തന്നെയാണ്.

മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ ഏറ്റവും ശക്തരായ വക്താക്കളായ അമേരിക്ക ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണിത്. വികസിതമായ അവരുടെ ഉത്പാദന സംവിധാനങ്ങളെ നിലനിർത്തുന്നതിനായി അവർക്ക് വിപണി വികസനം സാധ്യമാക്കിയേ തീരൂ. എന്തുകൊണ്ട് ഇന്ത്യ എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കുന്നതിനായി ലോക സമ്പദ്‌വ്യവസ്ഥയിൽ അമേരിക്കയുടെയും ഇന്ത്യയുടെയും സംഭാവനകളെ ചെറുതായൊന്നു മനസിലാക്കുന്നത് നന്നായിരിക്കും. ആഗോള മൊത്തോൽപാദനം 78 ട്രില്യൺ യു.എസ് ഡോളറാണ്. അമേരിക്കയുടെ ആഭ്യന്തര മൊത്തോൽപാദനം 17.9 ട്രില്യൺ ഡോളറും. അതേസമയം ആഗോള മൊത്തോൽപാദനത്തിലെ ഇന്ത്യൻ സംഭാവന കേവലം 2.65 ശതമാനവും ലോക ജനസംഖ്യയിൽ ഇന്ത്യയുടെ സംഭാവന 17.5 ശതമാനവുമാണ്. വളർന്നുവികസിച്ചുവരുന്ന ഇന്ത്യൻ വിപണിയെ തങ്ങളുടെ ഇച്ഛയ്ക്കനുസൃതമായി തയ്യാറാക്കി നിർത്തുക എന്നത് അതുകൊണ്ടുതന്നെ ഒഴിച്ചുകൂടാൻ പറ്റാത്ത സംഗതിയാണ്. ഇന്ത്യയുടെ കള്ളപ്പണത്തിന്റെ തോത് ഇവിടുത്തെ ആഭ്യന്തര മൊത്തോൽപാദനത്തിന്റെ 62 ശതമാനത്തോളം വരുമെന്ന് പ്രമുഖ സാമ്പത്തിക വിദഗ്ദ്ധനായ പ്രൊഫ.അരുൺ കുമാർ കണക്കാക്കുന്നു. ഈ കള്ളപ്പണം നിയന്ത്രണവിധേയമാക്കുന്നതിലൂടെ നിയമത്തിന് പുറത്ത് പ്രവർത്തിക്കുന്ന സമാന്തര സമ്പദ്‌വ്യവസ്ഥയെക്കൂടി തങ്ങളുടെ വരുതിയിലേക്ക് കൊണ്ടുവരാമെന്ന് സർക്കാർ കരുതുന്നു. എന്നാൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ ചലനാത്മകമായി നിലനിർത്തുന്നതിൽ ഈ സമാന്തര സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ പങ്കുണ്ടെന്നുള്ളതും അത്രതന്നെ വസ്തുതയാണ്. ഇന്ത്യയിലെ രാഷ്ട്രീയക്കാരിൽ ഇക്കാര്യം വെട്ടിത്തുറന്നു പറയാനുള്ള ചങ്കൂറ്റം കാട്ടിയത് ഉത്തർപ്രദേശ് മുഖ്യമന്ത്രി അഖിലേഷ് യാദവ് മാത്രമാണ്. ഒരു തുറന്ന സമ്പദ്‌വ്യവസ്ഥയിൽ, കള്ളപ്പണത്തെ ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമാക്കുന്നതിലൂടെ നേട്ടമുണ്ടാക്കാൻ സാധിക്കുന്നത് വൻകിട കോർപ്പറേറ്റുകൾക്കുതന്നെയാണ്.

ആഗോള സാമ്പത്തികരംഗം നേരിടുന്ന പ്രതിസന്ധി സാമ്പത്തിക അച്ചടക്കമില്ലായ്മയും, നിയമവിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്ന സമാന്തര സമ്പദ്‌വ്യവസ്ഥയും, രാഷ്ട്രങ്ങളുടെ സാമ്പത്തിക അരാജകത്വവും ഒക്കെയാണെന്ന് തോന്നിപ്പിക്കുന്ന വിധത്തിലുള്ള വിലയിരുത്തലുകളാണ് പൊതുവിൽ ഉയർന്നുവരുന്നത്. വളർച്ചാ സിദ്ധാന്ത



ത്തിൽ ഉൾച്ചേരിന്നിരിക്കുന്ന പ്രതിസന്ധിയായി ഇതിനെ വിലയിരുത്താൻ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നുമില്ല. നിരന്തരവും ക്രമാതീതവും പാരിമാണികവുമായ വളർച്ച (Perpetual Exponential Quantitative Growth) എന്ന സാമ്പത്തികശാസ്ത്ര സിദ്ധാന്തത്തിന്റെ മറുഭാഗമെന്നത്, പ്രകൃതിവിഭവങ്ങളുടെ ശോഷിപ്പും, പാരിസ്ഥിതിക തകർച്ചകളുമാണെന്ന വസ്തുത ഗൗരവമായി പരിഗണിക്കാൻ നാം തയ്യാറായിട്ടില്ല. വളർച്ചാ സിദ്ധാന്തത്തിന്റെ ഈ 'ബാഹ്യഘടകങ്ങളെ' (externalities) സാങ്കേതികവിദ്യകളിലൂടെ നേരിടാമെന്ന ബോദ്ധ്യങ്ങളെ വെല്ലുവിളിക്കുന്ന തരത്തിലേക്ക് അവ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ആഴത്തിലുള്ളവയായി മാറിക്കൊണ്ടിരിക്കുകയാണ്.

എന്തൊക്കെയാണ് ഈ ബാഹ്യഘടകങ്ങൾ? ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, വനം, വെള്ളം, ധാതുക്കൾ എന്നിവ അടങ്ങുന്ന പ്രകൃതി വിഭവങ്ങളുടെ നാശം, ജല-വായു മലിനീകരണം, ജീവജാലങ്ങളുടെ നാശം, മനുഷ്യന്റെ ആരോഗ്യത്തകർച്ച എന്നിവയൊക്കെയാണ് മുതലാളിത്ത സാമ്പത്തിക വളർച്ചയിൽ ഒരിക്കൽ പോലും പരിഗണിക്കപ്പെടാതെ പോകുന്ന ബാഹ്യഘടകങ്ങൾ. ഈ ബാഹ്യഘടകങ്ങളെക്കൂടി ഉൾക്കൊള്ളാനോ, കണക്കിലെടുക്കാനോ ശ്രമിക്കുമ്പോൾ, അല്ലെങ്കിൽ നിലവിലുള്ള സാമ്പത്തിക ക്രമത്തിലേക്ക് അവയെക്കൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു മൂല്യനിർണ്ണയം സാധ്യമാക്കുമ്പോഴാണ് നിലവിലുള്ള വികസനം എത്രമാത്രം 'ചെലവേറിയതാണെന്ന്' നാം മനസിലാക്കുന്നത്. വർത്തമാന വികസന പരിപ്രേക്ഷ്യങ്ങളിൽ നിന്നുരുവാകുന്ന ബാഹ്യഘടകങ്ങൾക്കായി വിലനൽകേണ്ടിവരുന്നത് ഭാവി തലമുറയായിരിക്കും എന്നതിൽ തർക്കമൊന്നുമില്ല.

ആഗോള സാമ്പത്തിക രംഗം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ നിരന്തരവളർച്ചയെ അടിസ്ഥാനപ്പെടുത്തിയുള്ള മുതലാളിത്ത സാമ്പത്തിക/ഉത്പാദന/ഉപഭോഗ ക്രമം നേരിടുന്ന പ്രതിസന്ധിയാണെന്നും അവയ്ക്കുള്ള മറുപടി താൽക്കാലികമായ പരിഹാര നിർദ്ദേശങ്ങളല്ലെന്നും ഐ.എം.എഫ് പോലുള്ള അന്താരാഷ്ട്ര ധന ഇടപാടു സ്ഥാപനങ്ങൾ മുന്നോട്ടുവെക്കുന്ന സൂത്രവിദ്യകൾകൊണ്ട് ഇവയെ മറികടക്കാൻ സാധ്യമല്ലെന്നുമുള്ള തിരിച്ചറിവാണ് പ്രതിസന്ധി പരിഹരിക്കാനുള്ള ആദ്യപടി. വാപിളർന്നു നിൽക്കുന്ന സമ്പദ്‌വ്യവസ്ഥയിലേക്ക് നിരന്തരമായി തള്ളിവിടാൻ മാത്രമുള്ള പ്രകൃതിവിഭവങ്ങൾ ലോകത്തില്ല. സ്ഥായിയായതും നീതിയുക്തവുമായ വിഭവവിനിയോഗം എന്നത് നമ്മുടെ തിരഞ്ഞെടുപ്പുപോലും അല്ലാതായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്. പുതിയ സാമ്പത്തിക പരിഷ്കരണങ്ങളെയും പ്രതിസന്ധികളെയും ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം നോക്കിക്കാണുവാൻ. ■

**സമ്പത്തിന്റെ കേന്ദ്രീകരണം വർദ്ധിക്കുന്നു**

ശതകോടി സമ്പന്നരുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം, അടുത്ത പത്ത് വർഷത്തിനുള്ളിലെ വർദ്ധനവ് (തിരഞ്ഞെടുത്ത രാഷ്ട്രങ്ങളിൽ)

| രാജ്യം | 2012 | 2022 | വർദ്ധനവ് % |
|---|---|---|---|
| അമേരിക്ക | 543 | 1101 | 103 |
| ചൈന | 154 | 483 | 214 |
| ജർമ്മനി | 149 | 300 | 101 |
| യു.കെ | 149 | 276 | 85 |
| **ഇന്ത്യ** | **122** | **225** | **84** |
| ബ്രസീൽ | 53 | 136 | 157 |
| റഷ്യ | 102 | 126 | 24 |
| ഹോങ്കോംഗ് | 70 | 97 | 39 |
| ഇന്തോനേഷ്യ | 31 | 90 | 190 |
| സ്വിറ്റ്സർലാന്റ് | 63 | 75 | 19 |

*Source: Knight Frank*